**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1227**

**10 .08.2017-ൽ മറുപടിയ്ക്ക്**

# കാർഷിക ഭൂമി ഏറ്റെടുത്ത് കൃഷിക്കാർക്ക് നൽകുന്നതിന് നടപടി

| **ചോദ്യം**<br>ശ്രീ. കെ.എം.മാണി | **മറുപടി**<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) കാർഷിക പരിഷ്കരണത്തിന്റെ ഭാഗമായി കാർഷിക ഭൂമി എറ്റെടുത്ത് പാവപ്പെട്ട കൃഷിക്കാർക്ക് നൽകുന്നതിലേയ്ക്കായി എത്ര നിയമങ്ങൾ പാസാക്കിയിട്ടുണ്ട്; അവ ഏതെല്ലാം; | (എ) ഭൂമിയുടെ ജന്മാവകാശം കൈവശകുടിയാന് നൽകുക, ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് കൃഷി ചെയ്യാൻ ഭൂമി ലഭ്യമാക്കുക എന്നീ പ്രധാന ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുക എന്ന ഉദ്ദേശത്തോടെ റവന്യൂ വകുപ്പിൽ നിന്നും കേരള ഭൂപരിഷ്കരണ നിയമം (1963) പാസാക്കിയിട്ടുണ്ട്. |
| (ബി) വ്യത്യസ്ത നിയമങ്ങൾ അനുസരിച്ച് എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ഇതിൽ എത്ര ഭൂമി കൃഷിക്കാർക്ക് നൽകി; ഇനി എത്ര ഭൂമി കൃഷിക്കാർക്ക് നൽകുന്നതിലേക്ക് ബാക്കിയുണ്ട്; | (ബി) വിവിധ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം 1963-ലെ കേരള ഭൂപരിഷ്കരണ നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം 40,433.19 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 28,744.23 ഹെക്ടർ ഭൂമി ടി നിയമത്തിലെ 96-ാം വകുപ്പിലേയും അനുബന്ധചട്ടങ്ങളിലേയും വ്യവസ്ഥാനുസരണം കർഷകർക്കുൾപ്പെടെ നൽകിയിട്ടുണ്ട്. ഇനി 651.30 ഹെക്ടർ മിച്ചഭൂമി വിതരണത്തിനായി ശേഷിക്കുന്നുണ്ട്. |
| (സി) ഈ നിയമങ്ങൾ അനുസരിച്ച് കർഷകർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(ഡി) ബാക്കിയുള്ള ഭൂമി എപ്പോഴേയ്ക്ക് കർഷകർക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി)<br>1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ പ്രസക്ത വകുപ്പുകളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥാനുസരണം, വിതരണ ലഭ്യമായ ഭൂമി അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ വിവിധ ജില്ലാകളക്ടർമാർ ധ്രുതഗതിയിൽ സ്വീകരിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ